(എഫ്) സാമൂഹ്യ ക്ഷേമവകുപ്പ് നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾക്ക് 50.13 ലക്ഷം രൂപയും സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് 57.10 ലക്ഷം രൂപയുമാണ് നടപ്പ് വർഷം വകയിരുത്തിയിരിക്കുന്നത്.

(ജി, എച്ച്) വൃദ്ധജനങ്ങളുടെ സമഗ്രമായ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ സ്നേഹതീരം എന്ന പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

ആദിവാസികൾക്കുള്ള വരുമാനദായക വർദ്ധന പദ്ധതി

45 [1184] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി കേന്ദ്രമാക്കി ആദിവാസികളുടെ വരുമാനദായക വർദ്ധന പരിപാടി നടപ്പിലാക്കുവാൻ സഹകരണ മേഖലയിൽ വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

വ്യവസായ വകുപ്പിന് കീഴിൽ സഹകരണ മേഖലയിൽ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായി കരകൗശല, വ്യവസായ, കൈത്തറിമേഖലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിൽനിന്നും വിവിധ ഇനത്തിൽ ഗ്രാന്റായി 35,98,667 രൂപയും വായ്പയായി 5,73,275 രൂപയും സർക്കാർ ഓഹരി പങ്കാളിത്തമായി 10,26,000 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ആകെ 8 സഹകരണ സംഘങ്ങളിൽ ഇപ്പോൾ 3 എണ്ണം പ്രവർത്തിക്കുന്നുണ്ട്. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ വരുമാന വർദ്ധനവിനായി രൂപീകരിച്ചിട്ടുള്ള ആയുർവേദ സഹകരണ സംഘം അംഗങ്ങളുടെ താൽപ്പര്യമില്ലായ്മ മൂലം പ്രവർത്തനരഹിതമാണ്. ഇതിന്റെ പുനരുദ്ധാരണത്തിനുള്ള ശ്രമം തുടരുന്നുണ്ട്. ആദിവാസികളുടെ ക്ഷേമം മുൻനിർത്തി അട്ടപ്പാടിയിൽ സഹകരണ മേഖലയിൽ പുതിയ നിർദ്ദേശങ്ങൾ ആരായുന്നുണ്ട്.

സ്ത്രീ ശാക്തീകരണം

46 [1185] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03-ലെ സംസ്ഥാന ബഡ്ജറിൽ സ്ത്രീ ശാക്തീകരണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്തു തുകയാണ് നീക്കിവച്ചിരുന്നത് എന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly